**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1939

01. 02.2018 ൽ
മറുപടിയ്ക്ക്

## പോലീസുകാരുടെ യൂണിഫോമിൽ ക്യാമറകൾ

ചോദ്യം

മറുപടി

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) പോലീസുകാരുടെ യൂണിഫോമിൽ ക്യാമറകൾ ഘടിപ്പിക്കുന്നത് കൊണ്ട് പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(എ) പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോമിൽ ക്യാമറകൾ ഘടിപ്പിക്കുന്നതുമൂലം പൊതുജനങ്ങളോടുള്ള പോലീസിന്റെ പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനും മേലുദ്യോഗസ്ഥർക്ക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും പോലീസിനെതിരെയുള്ള അനാവശ്യ പരാതികൾ ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. PTT (Push to Talk) സൗകര്യമുള്ള അത്യാധുനിക തരം ക്യാമറകൾ ആയതിനാൽ ഫീൽഡ് ഓഫീസർമാർക്ക് കൺട്രോൾ റൂം ഓഫീസർമാരുമായി പരസ്പരം കമ്മ്യൂണിക്കേഷൻ നടത്താവുന്നതാണ്. കൂടാതെ ക്രൈം സീനിന്റെ ഡീറ്റയിൽസ് റെക്കോർഡു ചെയ്ത് തെളിവിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനും സഹായകമാണ്.

(ബി) ഏതെല്ലാം ജില്ലകളിലെ ഏത് റാങ്കിലുള്ള പോലീസുദ്യോഗസ്ഥൻമാർക്കാണ് ഇപ്പോൾ ക്യാമറകൾ നൽകിയിട്ടുള്ളത് ;

(ബി) തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റിയിലെ കൺട്രോൾ റൂം ഓഫീസേഴ്സിനാണ് നിലവിൽ ബോഡി വോൺ ക്യാമറകൾ നൽകിയിട്ടുള്ളത്. പട്രോളിംഗ് ഡ്യൂട്ടിയിലുള്ള ഏത് റാങ്കിലുള്ള ഓഫീസർക്കും ഉപയോഗിക്കാവുന്നതാണ്.

(സി) ഏത് കമ്പനിയാണ് ഈ ക്യാമറകൾ നിർമ്മിച്ചതെന്നും നിലവിൽ എത്ര ക്യാമറകളാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ ;

(സി) BECIL Ltd. (Broadcast Engineering Consultants India). നോയിഡ, യു.പി. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ നിന്നുമാണ് ബോഡി വോൺ ക്യാമറ വാങ്ങിയിട്ടുള്ളത്. 50 ക്യാമറകളാണ് വാങ്ങിയിട്ടുള്ളത്.

(ഡി) ഒരു ക്യാമറയുടെ വില എത്രയാണെന്നും ടെണ്ടർ ക്ഷണിച്ചിട്ടാണോ ക്യാമറകൾ വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(ഡി) ഒരു ക്യാമറയ്ക്ക് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 59,991/- രൂപ ചെലവായിട്ടുണ്ട്. ബോഡി വോൺ ക്യാമറകൾ വാങ്ങുന്നതിലേയ്ക്കായി ഇ-ടെൻഡർ

| | | | |
|---|---|---|---|
| | | | ചെയ്തെങ്കിലും പങ്കെടുത്ത 13 കമ്പനികളും സ്പെസിഫിക്കേഷൻ തുലനം ചെയ്യാത്തതിനാൽ ടെക്നിക്കൽ കമ്മിറ്റി നിരാകരിച്ചതിനെത്തുടർന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BECIL ന് വർക്ക് ഓർഡർ നൽകുകയായിരുന്നു. |
| (ഇ) | ഈ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇതിന് കണക്കാക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) യും (എഫ്) യും (ജി) യു | പരീക്ഷണാടിസ്ഥാനത്തിൽ ലൈവ് ബ്രോഡ്കാസ്റ്റിംഗ് സൗകര്യമുള്ള 50 ബോഡി വോൺ ക്യാമറകൾ 30 ലക്ഷം രൂപ ചെലവിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലൈവ് ബ്രോഡ്കാസ്റ്റിംഗ് സൗകര്യമില്ലാത്ത 50 ബോഡിവോൺ ക്യാമറകൾ വാങ്ങുന്നതിനുള്ള 30 ലക്ഷത്തിന്റെ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ടി രണ്ടുതരം ക്യാമറകളുടേയും പ്രവർത്തനം വിലയിരുത്തി പോലീസ് സേനയ്ക്ക് ഇത് എത്രമാത്രം പ്രയോജനപ്രദമാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (എഫ്) | ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും പലപ്പോഴും തർക്കത്തിലേർപ്പെടുകയും ചെയ്യേണ്ടി വരുന്ന ബീറ്റുപോലീസുകാർക്കും ക്യാമറകൾ ഘടിപ്പിച്ചാൽ ഉദ്ദിഷ്ടഫലം ഉണ്ടാകുമെന്ന അഭിപ്രായ സർക്കാരിനുണ്ടോ എന്ന് വ്യക്തമാക്കാമോ ; | | |
| (ജി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ